പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3892 24-08-2017 ൽ മറുപടിക്ക്

## പട്ടികജാതി പെൺകുട്ടികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.പി. അനിൽ കുമാർ<br>,, വി.ഡി.സതീശൻ<br>,, വി.ടി.ബൽറാം<br>,, വി.എസ്.ശിവകുമാർ | | ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി. |
| (എ) | സംസ്ഥാനത്തെ പട്ടികജാതി പെൺകുട്ടി കളുടെ സമഗ്ര വികസനത്തിനുതകുന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകി യിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടികജാതി പെൺകുട്ടികൾക്ക് ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തിയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതിയായ വാത്സല്യനിധി എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിവരിക്കുമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭാസം, ആരോഗ്യം എന്നിവ ഉറപ്പ് വരുത്തി, സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും വേണ്ടിയുള്ള ഒരു ഇൻഷ്വറൻസ് ബന്ധിത പദ്ധതിയാണിത്. |
| (സി) | പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | ഈ സാമ്പത്തിക വർഷം ജനിക്കുന്ന പട്ടികജാതി പെൺകുട്ടികളാണ് ഗുണഭോ ക്താക്കൾ. ടി പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടില്ല. |
| (ഡി) | പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ള തെന്ന് വെളിപ്പെടുത്തുമോ; | (ഡി) | 2017-18 സാമ്പത്തികവർഷം 2225-01-102-91 (പി) ശീർഷകത്തിൽ 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്. |
| (ഇ) | പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ ? | (ഇ) | പദ്ധതി അംഗീകാരത്തിന്റെ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ